3284
24/2/21

"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - 1990-2001 കാലഘട്ടത്തിൽ കണ്ണൂർ ജില്ലയിലെ തലശ്ശേരി റേഞ്ച് ഷാപ്പ് ലൈസൻസികൾ കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി തുകയിൽ കുടിശ്ശിക വരുത്തിയിട്ടുള്ള തുക പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (ബി) വകുപ്പ്

സ.ഉ.(കൈ)നം.16/2021/തൊഴിൽ തീയതി, തിരുവനന്തപുരം, 11.02.2021

---

പരാമർശം:- 1. തലശ്ശേരി റേഞ്ച് കള്ള് ഷാപ്പ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ 25.07.2017 തീയതിയായി ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം.

2. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ,08.08.2018, 12.10.2018, 26.10.2018, 21.01.2019, 06.07.2019, 28.10.2019 തീയതികളിലെ ആർ.എം.സി./8093/09-18 നമ്പർ കത്തുകൾ.

## ഉത്തരവ്

1990-2001 കാലയളവിൽ തലശ്ശേരിയിൽ നിലനിന്നിരുന്ന പ്രത്യേക രാഷ്ട്രീയ സാഹചര്യം മൂലം കള്ള് ഷോപ്പുകളിൽ കച്ചവടം തീരെ കുറവായിരുന്നതിനാൽ ശേഖരിച്ച കള്ള് പൂർണ്ണമായോ ഭാഗികമായോ നശിപ്പിക്കേണ്ടി വന്നിരുന്നുവെന്നും അതുകാരണം തൊഴിലാളികൾക്ക് വേതനം വിതരണം ചെയ്യുന്നതിനോ ക്ഷേമനിധി തുക അടയ്ക്കുവാനോ സാധിച്ചിരുന്നില്ലെന്നും പല ഘട്ടങ്ങളിലായി അടച്ച തുക മുഴുവനും പലിശയിനത്തിലാണ് കള്ള് വ്യവസായ തൊഴിലാളി ബോർഡ് വരവ് വെച്ചിട്ടുള്ളതെന്നും മുപ്പത്തിയേഴോളം വരുന്ന കുടിശ്ശികക്കാരിൽ പതിനഞ്ചുപേർ ഇതിനകം മരണപ്പെട്ടുവെന്നും അവരുടെ ബാധ്യതകൾമൂലം ടി കുടുംബങ്ങൾ വളരെയധികം ദുരിതങ്ങൾ അനുഭവിക്കുകയാണെന്നും ആയതിനാൽ 1990-2001 കാലഘട്ടത്തിൽ കള്ള്

വ്യവസായ തൊഴിലാളി ക്ഷേമനിധിതുകയിൽ കുടിശ്ശിക വരുത്തിയിട്ടുള്ള തുക ഒഴിവാക്കി നല്കണമെന്ന് തലശ്ശേരി റേഞ്ച് കള്ളുഷോപ്പ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ പരാമർശം (1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

കണ്ണൂർ ജില്ല തലശ്ശേരി റേഞ്ചിലെ ലൈസൻസികൾ 1990-91 മുതൽ 2000-01 വരെ മുതലിനത്തിൽ 74,73,128 (എഴുപത്തിനാല് ലക്ഷത്തി എഴുപത്തിമൂവായിരത്തി ഒരുന്നൂറ്റി ഇരുപത്തെട്ട് രൂപ) രൂപയും 15/10/2019 വരെ പലിശയിനത്തിൽ 2,25,35,259/-(രണ്ടു കോടി ഇരുപത്തിയഞ്ചു ലക്ഷത്തി മുപ്പത്തയ്യായിരത്തി ഇരുന്നൂറ്റിയമ്പത്തൊമ്പത് രൂപാ) രൂപയും അടയ്ക്കാനുണ്ടെന്നും സർക്കാർ അനുവാദം നല്കിയിട്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം മുതലിനത്തിൽ ആകെ 74,73,128 (എഴുപത്തിനാല് ലക്ഷത്തി എഴുപത്തിമൂന്നായിരത്തി ഒരുന്നൂറ്റി ഇരുപത്തെട്ട് രൂപ) രൂപയും, 15/10/2019 വരെ പലിശയിനത്തിൽ 75.11.753/- (എഴുപത്തിയഞ്ചു ലക്ഷത്തി പതിനൊന്നായിരത്തി എഴുന്നൂറ്റിയമ്പത്തി മൂന്ന് രൂപ) രൂപയും ചേർത്ത് ആകെ 1,49,84,881/- (ഒരു കോടി നാല്പത്തിയൊമ്പത് ലക്ഷത്തി എൺപത്തിനാലായിരത്തി എണ്ണൂറ്റി എൺപത്തൊന്ന് രൂപ) രൂപ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ പരാമർശം (2)-ലെ 28.10.2019 തീയതിയായ കത്തു പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1990-2001 കാലഘട്ടത്തിൽ നിലവിലുണ്ടായിരുന്ന പ്രത്യേക രാഷ്ട്രീയ സാഹചര്യം മൂലം കള്ള് കച്ചവടം കുറവായിരുന്നതിനാലും ശേഖരിച്ച കള്ള് ഭാഗികമായോ പൂർണ്ണമായോ നശിപ്പിക്കേണ്ടി വന്നതിനാലും ഉണ്ടായ സാമ്പത്തിക പ്രതിസന്ധിയിൽ പ്രസ്തുത കാലയളവിൽ തലശ്ശേരി റേഞ്ച് ഷാപ്പ് ലൈസൻസികൾ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് ഒടുക്കേണ്ടുന്ന തുക ഒടുക്കാതെ വരികയും പിന്നീട് പല ഘട്ടങ്ങളിലായി ഒടുക്കിയ തുകയുടെ സിംഹഭാഗവും

പലിശയിനത്തിലേയ്ക്ക് വരവ് വെച്ചതും മറ്റുമായ സാഹചര്യത്തിൽ ടി കാലഘട്ടത്തിൽ ഒടുക്കേണ്ടതായിരുന്ന അംശദായവും ആയതിന്റെ പലിശയും ചേർത്ത് നിലവിൽ കുടിശ്ശികയുള്ള മുഴുവൻ തുകയും അടയ്ക്കുന്നതിൽ നിന്നും, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗീകാരത്തിനു വിധേയമായി, 1969-ലെ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ 4 (എ) വകുപ്പിലെ 1-ാം ഉപവകുപ്പിലെ അധികാരം വിനിയോഗിച്ച്, പ്രത്യേക കേസായി കണക്കിലെടുത്ത്, മാനുഷിക പരിഗണന നൽകി, പിൽക്കാല പ്രാബല്യത്തോടുകൂടി ഒഴിവാക്കിക്കൊണ്ട് ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

സത്യജിത് രാജൻ
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, ഉള്ളൂർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (23.05.19-ലെ എൽബിആർ-2/39/19/ധന പ്രകാരം)
നിയമ വകുപ്പ് (07.05.2020-ലെ 7118/എഫ് 1/2020/നിയമം പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.4603 തീയതി 10.02.2021.)
വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by PADMAKUMARI B
Date: 2021.02.12 10:28:48 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു.തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ
അഡീഷണൽ സെക്രട്ടറിയുടെ സി.എ
അണ്ടർ സെക്രട്ടറി

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-02-2021

ഫയൽ നം.ബി1/136/2017/തൊഴിൽ — ഇനം നം: 4603

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് തലശ്ശേരി റേഞ്ച് കള്ള് ഷാപ്പ് ലൈസൻസികളുടെ 1990-2001 കാലയളവിലെ മുഴുവൻ ക്ഷേമനിധി കുടിശ്ശിക തുകകളും ഒഴിവാക്കുന്നത്

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : ബി1/136/2017/തൊഴിൽ |
| 2. | വകുപ്പ് | : തൊഴിലും നൈപുണ്യവും (ബി) വകുപ്പ് |
| 3. | വിഷയം | : തലശ്ശേരി റേഞ്ച് കള്ള് ഷാപ്പ് ലൈസൻസികളുടെ 1990-2001 കാലയളവിലെ മുഴുവൻ ക്ഷേമനിധി കുടിശ്ശിക തുകകളും ഒഴിവാക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 05.02.2021 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : സർക്കാരിന് സാമ്പത്തിക ബാധ്യതയില്ല. |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. അഭിപ്രായം കുറിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : ശ്രീ. ഡി.ലാൽ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ. സത്യജീത് രാജൻ. |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 06.02.2021. |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ. വിശ്വാസ് മേത്ത. |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 08.02.2021. |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. ടി.പി. രാമകൃഷ്ണൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 08.02.2021. |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 09.02.2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പുകൾ

1990-2001 കാലഘട്ടത്തിൽ തലശ്ശേരി റേഞ്ച് ഷാപ്പ് ലൈസൻസികൾ കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിതുകയിൽ കുടിശ്ശിക വരുത്തിയിട്ടുള്ള തുക പൂർണ്ണമായും ഒഴിവാക്കി നല്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) 1990-2001 കാലഘട്ടത്തിൽ കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിതുകയിൽ കുടിശ്ശിക വരുത്തിയിട്ടുള്ള തുക ഒഴിവാക്കി നല്കണമെന്ന വിഷയത്തിൽ തലശ്ശേരി റേഞ്ച് കള്ളുഷോപ്പ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ സർക്കാരിൽ നിവേദനം നല്കിയിരുന്നു. പ്രസ്തുത ആവശ്യത്തിനു ഉപോൽബലകമായി നിവേദനത്തിൽ ചൂണ്ടിക്കാണിക്കുന്ന പ്രധാന കാരണങ്ങൾ താഴെപ്പറയുന്നവയാണ്.

3) പരാമർശ കാലയളവിൽ നിലനിന്നിരുന്ന പ്രത്യേക രാഷ്ട്രീയ സാഹചര്യം മൂലം കള്ള് ഷോപ്പുകളിൽ കച്ചവടം തീരെ കുറവായിരുന്നു. ശേഖരിച്ച കള്ള് പൂർണ്ണമായോ ഭാഗികമായോ നശിപ്പിക്കേണ്ടി വന്നിരുന്നു. ഇതുകാരണം തൊഴിലാളികൾക്ക് വേതനം വിതരണം ചെയ്യുന്നതിനോ ക്ഷേമനിധി തുക അടയ്ക്കുവാനോ സാധിച്ചിരുന്നില്ല. പല ഘട്ടങ്ങളിലായി അടച്ച തുക മുഴുവനും പലിശയിനത്തിലാണ് കള്ള് വ്യവസായ തൊഴിലാളി ബോർഡ് വരവ് വെച്ചിട്ടുള്ളത്. കോടതി ഉത്തരവുപ്രകാരം മുതലായി കണക്കാക്കി അടച്ച തുക പോലും പലിശയിനത്തിലാണ് വരവ് വെച്ചിട്ടുള്ളത്. മുപ്പത്തിയേഴോളം വരുന്ന കുടിശ്ശികക്കാരിൽ പതിനഞ്ചുപേർ ഇതിനകം മരണപ്പെട്ടു. അവരുടെ ബാധ്യതകൾമൂലം കുടുംബങ്ങൾ വളരെയധികം ദുരിതങ്ങൾ അനുഭവിക്കുകയാണ്.

4) കണക്കുപ്രകാരം കണ്ണൂർ ജില്ല തലശ്ശേരി റേഞ്ചിലെ ലൈസൻസികൾ 1990-91 മുതൽ 2000-01 വരെ മുതലിനത്തിൽ 74,73,128 (എഴുപത്തിനാലു ലക്ഷത്തി എഴുപത്തിമൂവായിരത്തി ഒരുനൂറ്റി ഇരുപത്തെട്ട് രൂപ) രൂപയും

15/10/2019 വരെ പലിശയിനത്തിൽ 2,25,35,259/-(രണ്ട കോടി ഇരുപത്തിയഞ്ച്യ ലക്ഷത്തി മുപ്പത്തയ്യായിരത്തി ഇരുന്നൂറ്റിയമ്പത്തൊമ്പത് രൂപാ) രൂപയും അടയ്ക്കാനുണ്ടെന്നാണ് ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കൂടാതെ കോൺട്രാക്ടേഴ്സ് അസോസിയേഷൻ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WPC 26871/10 നമ്പർ കേസിൽ 13/09/2010-ലെ ഇടക്കാല ഉത്തരവ് പ്രകാരം പലിശയും കളക്ഷൻ ചാർജ്ജും ഒഴികെ മുതൽ തുക മൂന്നാഴ്ചയ്ക്കകം പൂർണ്ണമായി അടച്ചുതീർക്കണമെന്നും കളക്ഷൻ ചാർജ്ജിലും പലിശയിലും പിന്നീട് തീരുമാനമെടുക്കുമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ കുടിശ്ശിക തുകയായ 86,27,184/-(എൺപത്തിയാറ് ലക്ഷത്തി ഇരുപത്തിയേഴായിരത്തി ഒരുന്നൂറ്റി എൺപത്തിനാല് രൂപാ) രൂപയ്ക്കുപകരം 22,66,636/- (ഇരുപത്തിരണ്ട ലക്ഷത്തി അറുപത്താറായിരത്തി അറുന്നൂറ്റിമുപ്പത്തി ആറ് രൂപാ) രൂപ മാത്രമാണ് ബോർഡിലേയ്ക്ക് ഒടുക്കിയത്. കോടതി നിർദ്ദേശം പൂർണ്ണമായി പാലിക്കാത്തതിനാൽ ടി തുക പലിശയിലാണ് വരവ് വച്ചിട്ടുള്ളത് എന്നും ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) തുടർന്ന് ബോർഡിൽ നിലവിലുള്ള അക്കൗണ്ടിംഗ് രീതി പിൻതുടർന്നുകൊണ്ട് സർക്കാർ അനുവാദം നല്കിയിട്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം മുതലിനത്തിൽ ആകെ 74,73,128 (എഴുപത്തിനാല്യ ലക്ഷത്തി എഴുപത്തിമൂന്നായിരത്തി ഒരുന്നൂറ്റി ഇരുപത്തെട്ട് രൂപ) രൂപയും, 15/10/2019 വരെ പലിശയിനത്തിൽ 75,11,753/- (എഴുപത്തിയഞ്ച്യ ലക്ഷത്തി പതിനൊന്നായിരത്തി എഴുന്നൂറ്റിയമ്പത്തി മൂന്ന് രൂപ) രൂപയും ചേർത്ത് ആകെ 1,49,84,881/- (ഒരു കോടി നാല്പത്തിയൊമ്പത് ലക്ഷത്തി എൺപത്തിനാലായിരത്തി എണ്ണൂറ്റി എൺപത്തൊന്ന് രൂപ) രൂപ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ബോർഡ് സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

6) ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്.

"Regarding the one time settlement of dues to Toddy Welfare Fund from Toddy Shop licensees, G.O(Rt) No.1024/18/lbr dated 23/08/2018 had already issued by AD. Now amendment of the conditions as per the present proposal will result in different set of norms for cases having similar nature and that will invariably invite litigations on the ground of denial of natural justice from parties involved leaving the whole process of remittance of dues in disarray and making the matter more complicated. The fact that all the licensees except 37 in the Thalassery Range have remitted the dues has a significant bearing on the case. The suggestion to earmark the remitted dues against the principal amount is a salutary one. But the suggestion to grant reduction on the principal amount does not seem to be prudent. Hence, AD, after evaluating the quantum of recovery effected consequent to the issue of G.O(Rt) No.1024/18/lbr dated 23/08/2018 should explore the option of fixing uniform set of norms for settling all the remaining cases. AD is also requested to seek the remarks of Law Department before issuing the G.O."

7. ഒറ്റത്തവണ തീർപ്പാക്കലിനെ തുടർന്നുള്ള റിക്കവറി തുക സംബന്ധിച്ച് റിപ്പോർട്ടും, മുതൽ അടവാക്കൽ, പലിശ ഒഴിവാക്കൽ സംബന്ധിച്ച അഭിപ്രായം എന്നിവ ബോർഡിൽ നിന്നും ആരാഞ്ഞിരുന്നു.

8. പരാമർശ കാലയളവിൽ നിലനിന്നിരുന്ന പ്രത്യേക രാഷ്ട്രീയ സാഹചര്യം

കണക്കിലെടുത്ത് ഒരു പ്രത്യേക കേസായി കണക്കിലെടുത്ത്, മാനുഷിക പരിഗണന നൽകി, മുകളിൽ സൂചിപ്പിച്ചിട്ടുള്ള മുതലിനത്തിലും പലിശ ഇനത്തിലുമുള്ള കുടിശ്ശിക പൂർണ്ണമായും ഒഴിവാക്കി നൽകുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാമോ എന്നതിന്മേൽ ബഹു.തൊഴിൽ വകുപ്പ് മന്ത്രി ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവ് തേടിയിരുന്നു. വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ അപ്പോൾ ബഹു. മുഖ്യമന്ത്രി ഉത്തരവായി. ആയതിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പുകൾ സമർപ്പിക്കുകയുണ്ടായി. കുറിപ്പുകൾ പരിശോധനയ്ക്കു ശേഷം ചീഫ് സെക്രട്ടറി ഫയലിൽ നിയമസെക്രട്ടറിയുടെ അഭിപ്രായം തേടുകയുണ്ടായി. നിയമ വകുപ്പ് സെക്രട്ടറി താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

"1990-2001 കാലഘട്ടത്തിൽ നിലവിലുണ്ടായിരുന്ന പ്രത്യേക രാഷ്ട്രീയ സാഹചര്യം മൂലം കള്ള് കച്ചവടം കുറവായിരുന്നതിനാലും ശേഖരിച്ച കള്ള് ഭാഗികമായോ പൂർണ്ണമായോ നശിപ്പിക്കേണ്ടി വന്നതിനാലും ഉണ്ടായ സാമ്പത്തിക പ്രതിസന്ധിയിൽ പ്രസ്തുത കാലയളവിൽ തലശ്ശേരി റേഞ്ച് ഷാപ്പ് ലൈസൻസികൾ കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് ഒടുക്കേണ്ടുന്ന തുക ഒടുക്കാതെ വരികയും പിന്നീട് പല ഘട്ടങ്ങളിലായി ഒടുക്കിയ തുകയുടെ സിംഹഭാഗവും പലിശയിനത്തിലേയ്ക്ക് വരവ് വെച്ചതും മറ്റുമായ സാഹചര്യത്തിൽ ടി കാലഘട്ടത്തിൽ ഒടുക്കേണ്ടതായിരുന്ന അംശദായവും ആയതിന്റെ പലിശയും ചേർത്ത് നിലവിൽ കുടിശ്ശികയുള്ള മുഴുവൻ തുകയും ടി വിഷയത്തിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് പ്രത്യേക കേസായി കണക്കിലെടുത്ത്, മാനുഷിക പരിഗണന നൽകി പൂർണ്ണമായും ഒഴിവാക്കി നൽകുന്നത് സംബന്ധിച്ചുള്ള 1969-ലെ കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി ആക്ടിലെ 4 എ വകുപ്പ് താഴെപ്പറയും പ്രകാരമാണ്:-

"4 എ (1) (4)-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സർക്കാരിന് ബോർഡിന്റെ ശിപാർശയിന്മേൽ, പൊതുതാൽപ്പര്യത്തിലേക്ക് അപ്രകാരം ചെയ്യേണ്ടത് ആവശ്യമാണെന്ന് അഭിപ്രായമുള്ളിടത്തു; അതിന് ഗസറ്റ് വിജ്ഞാപനം മുഖേന തൊഴിലുടമകളുടെ ഏതെങ്കിലും വിഭാഗത്തെ ആ വകുപ്പിൻ കിഴിലുള്ള അംശദായം നൽകുന്നതിൽ നിന്നും ആ വിജ്ഞാപനത്തിൽ പ്രത്യേകം പറഞ്ഞേക്കാവുന്ന കാലയളവിലേയ്ക്ക പിൽക്കാല പ്രാബല്യത്തോടു കൂടിയോ മുൻകാല പ്രാബല്യത്തോടു കൂടിയോ ഒഴിവാക്കാവുന്നതാണ്.

(2) ഒരു തൊഴിലാളി, തന്റെ തൊഴിലുടമ അംശദായം നൽകുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്ന കാലയളവിലേയ്ക്ക് 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ കീഴിലുള്ള തന്റെ അംശദായം നൽകുവാൻ ബാധ്യസ്ഥനായിരിക്കുന്നതല്ലെന്ന്, സംശയ നിവാരണത്തിലേക്കായി ഇതിനാൽ പ്രഖ്യാപിക്കുന്നു. "

ടി (1)-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ബോർഡിന്റെ ശിപാർശയിന്മേൽ, പൊതു താൽപര്യത്തിലേയ്ക്ക് അപ്രകാരം ചെയ്യേണ്ടത് ആവശ്യമാണെന്ന് അഭിപ്രായമുള്ളിടത്ത്, ഗസറ്റ് വിജ്ഞാപനം മുഖേന തൊഴിലുടമകളുടെ ഏതെങ്കിലും വിഭാഗത്തെ 4-ാം വകുപ്പ് പ്രകാരം ഒടുക്കേണ്ടുന്ന അംശദായം നൽകുന്നതിൽ നിന്നും, വിജ്ഞാപനത്തിൽ നിഷ്കർഷിക്കുന്നത്ര കാലയളവിലേയ്ക്ക് പിൽക്കാല പ്രാബല്യത്തോടു കൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ ഒഴിവാക്കാവുന്നതാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു. ആയതിനാൽ 1990-2001 കാലഘട്ടത്തിൽ നിലവിലുണ്ടായിരുന്ന പ്രത്യേക രാഷ്ട്രീയ സാഹചര്യം മൂലം കള്ള് കച്ചവടം കുറവായിരുന്നതിനാലും ശേഖരിച്ച കള്ള് ഭാഗികമായോ പൂർണ്ണമായോ നശിപ്പിക്കേണ്ടി വന്നതിനാലും ഉണ്ടായ സാമ്പത്തിക പ്രതിസന്ധിയിൽ പ്രസ്തുത കാലയളവിൽ ഒടുക്കേണ്ടിയിരുന്ന അംശദായം അടയ്ക്കാതെ വരികയും പിന്നീട്

പല ഘട്ടങ്ങളായി അടവാക്കിയ തുകയുടെ സിംഹഭാഗവും പലിശയിനത്തിലേയ്ക്ക് വരവ് വെച്ചതും ആയ പ്രത്യേക സാഹചര്യത്തിൽ പ്രസ്തുത കാലയളവിൽ തലശ്ശേരി റേഞ്ച് ഷാപ്പ് ലൈസൻസികൾ കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് ഒടുക്കേണ്ടുന്ന മുതലും ആയതിന്റെ പലിശയുമടക്കമുള്ള കുടിശ്ശികയായ മുഴുവൻ തുകയും പ്രത്യേക കേസായി കണക്കിലെടുത്ത്; മാനുഷിക പരിഗണന നൽകി പൂർണ്ണമായും ഒഴിവാക്കി നൽകുന്നത് സംബന്ധിച്ച് 1969-ലെ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ആക്റ്റ് 4 എ വകുപ്പ് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി സർക്കാരിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു".

9. നിയമവകുപ്പ് സെക്രട്ടറിയുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഫയലിൽ ചീഫ് സെക്രട്ടറി താഴെപ്പറയുന്ന നിർദ്ദേശം നല്കിയിട്ടുണ്ട്.

"നിയമ വകുപ്പ് സെക്രട്ടറിയുടെ കു.ഫ. 74-76 ഖണ്ഡികകളിലെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ 1969-ലെ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ 4(എ) വകുപ്പിലെ ഒന്നാം ഉപവകുപ്പിലെ അധികാരം വിനിയോഗിച്ച് ക്ഷേമനിധി തുക അടയ്ക്കുന്നതിൽ നിന്നും തലശ്ശേരി റേഞ്ച് ഷാപ്പ് ലൈസൻസികളെ പിൽക്കാല പ്രാബല്യത്തിൽ ഒഴിവാക്കേണ്ടതുണ്ടെങ്കിൽ, ബഹു. വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവ് നേടിയ ശേഷം ആവശ്യമായ ഭേദഗതികളോടെ കുറിപ്പുകൾ പുതുക്കി സമർപ്പിക്കേണ്ടതാണ്".

10. തുടർന്ന് നിയമവകുപ്പ് സെക്രട്ടറി നിർദ്ദേശിച്ച പ്രകാരം ബോർഡിന്റെ അഭിപ്രായം ആരാഞ്ഞിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

11. ഫയൽ ചംക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

1990-2001 കാലഘട്ടത്തിലെ തലശ്ശേരി റേഞ്ച് ഷാപ്പ് ലൈസൻസികൾ ക്ഷേമനിധിയിലേയ്ക്ക് അടവാക്കാനുള്ള മുഴുവൻ തുകയും അടയ്ക്കുന്നതിൽ നിന്നും, ബോർഡ് അംഗീകാരത്തിനു വിധേയമായി, 1969-ലെ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ 4 (എ) വകുപ്പിലെ 1-ാം ഉപവകുപ്പിലെ അധികാരം വിനിയോഗിച്ച്, പ്രത്യേക കേസായി കണക്കിലെടുത്ത്, മാനുഷിക പരിഗണന നൽകി, പിൽക്കാല പ്രാബല്യത്തിൽ ഒഴിവാക്കാമോ?

**GOVERNMENT OF KERALA**
**(SHRI. PINARAYI VIJAYAN MINISTRY)**
**NOTE FOR THE COUNCIL OF MINISTERS**

| | | |
|---|---|---|
| 1 | File No | : B1/136/2017LBR. |
| 2 | Department | : Labour & Skills (B) Department |
| 3 | Subject | : Waiving of entire dues made by toddy shop licensees of Thalassery Range for the period 1990-2001- Reg: |
| 4 | Date of Chief Minister's order for placing before the Council | : 05.02.2021 |
| 5 | (i) Does the case involve financial commitments/implications. | : No financial commitment to Government. |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Note for the Council ? | : Fiance Department has been consulted and remarks incorporated in the note. |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : Yes |
| 7 | Name of Additional Secretary who submitted the Draft Note | : Sri. D.Lal |
| 8 | Name of Additional Chief Secretary who approved the Draft Note | : Sri. Satyajeet Rajan |
| 9 | Date of approval of the Draft Note for the Council by the Additional Chief Secretary | : 06.02.2021. |
| 10 | Name of Chief Secretary who approved the Draft Note | : Dr. Vishwas Mehta |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : 08.02.2021. |
| 12 | Name of Minister who approved the Draft Note | : Sri. T.P. Ramakrishnan |
| 13 | Date of approval of the Draft Note for the Council by the Minister | : 08.02.2021. |
| 14 | Date of submission of fair copies | : 09.02.2021. |
| 15 | Date of decision by the Council of Ministers | : |
| 16 | Number and date of the G.O./letter communicating the decision | : |

## Note for the Council of Ministers

This note pertains to the waiving of the amount of all arrears towards Toddy Workers Welfare Fund during 1990-2001 by the toddy shop licensees of Thalassery Range.

2) The Thalassery Range Toddy Shop Contractors Association had submitted a petition before Government on the issue of waiving of dues during the period 1990-2001. The following are some of the major reasons for raising such demands before Government.

3) Owing to the peculiar political situation that prevailed during the period, business in toddy shops was very dull. The collected toddy product had to be completely or partially destroyed. Owing to this reason. workers could not be paid with the wages or to remit the welfare fund. The entire amount paid in different stages has been credited towards Interest portion by the Board. Even the amount deducted as per court order has been credited to the interest. Fifteen of the thirty-seven licensees have already expired. Families are suffering a lot due to their liabilities.

4) The Board had reported that the Licensees of the Thalassery Range in Kannur District, have to remit Rs. 74,73,128/- (Rupees Seventy four lakhs seventy three thousand one hundred and twenty eight) towards principal and Rs. 2,25,35,259/- (Rupees Two crore twenty five lakh thirty five thousand two hundred and fifty nine) towards interest upto 15/10/2019, for the period 1990-91 to 2000-01. Further, as per the interim order dated 13/09/2010 of the High Court of Kerala in WPC No. 26871/10 filed by the Contractors Association, Licensee shall pay the principal amount in full excluding interest and collection charges

within three weeks. It was also proposed that the collection charge and interest be decided later. But instead of remitting the arrear amount of Rs 86,27,184/- (Rupees Eighty six lakh twenty seven thousand one hundred and eighty four) the licensees have remitted only an amount of Rs. 22,66,636/ - (Rupees Twenty two lakh sixty six thousand six hundred and thirty six) in the Board. As the licensees could not comply with the directions of the Honourable Court, the amount paid was credited as interest by the Board.

5) The Board has requested the Government to take steps to make available a total amount of Rs.1,49,84,881 / - (Rupees one crore forty nine lakh eighty four thousand eight hundred and eighty one) including principal amount of Rs. 74,73,128 (Rupees Seventy four lakh seventy three thousand one hundred and twenty eight only)and interest amounting to Rs.75,11,753/- (Rupees Seventy five lakh eleven thousand seven hundred and fifty three) till dated 15/10/2019 in conjugation with the accounting pattern that has been existing in the Board on the basis of One Time Settlement sanctioned by Government.

6) The Finance Department has remarked as follows in the matter.

" Regarding the one time settlement of dues to Toddy Welfare Fund from Toddy Shop licensees, G.O (Rt) No.1024/18/lbr dated 23/08/2018 had already issued by AD. Now amendment of the conditions as per the present proposal will result in different set of norms for cases having similar nature and that will invariably invite litigations on the ground of denial of natural justice from parties involved leaving the whole process of remittance of dues in disarray and making the matter more complicated. The fact that all the licensees except 37 in the

within three weeks. It was also proposed that the collection charge and interest be decided later. But instead of remitting the arrear amount of Rs 86,27,184/- (Rupees Eighty six lakh twenty seven thousand one hundred and eighty four) the licensees have remitted only an amount of Rs. 22,66,636/ - (Rupees Twenty two lakh sixty six thousand six hundred and thirty six) in the Board. As the licensees could not comply with the directions of the Honourable Court, the amount paid was credited as interest by the Board.

5) The Board has requested the Government to take steps to make available a total amount of Rs.1,49,84,881 / - (Rupees one crore forty nine lakh eighty four thousand eight hundred and eighty one) including principal amount of Rs. 74,73,128 (Rupees Seventy four lakh seventy three thousand one hundred and twenty eight only)and interest amounting to Rs.75,11,753/- (Rupees Seventy five lakh eleven thousand seven hundred and fifty three) till dated .15/10/2019 in conjugation with the accounting pattern that has been existing in the Board on the basis of One Time Settlement sanctioned by Government.

6) The Finance Department has remarked as follows in the matter.

" Regarding the one time settlement of dues to Toddy Welfare Fund from Toddy Shop licensees, G.O (Rt) No.1024/18/lbr dated 23/08/2018 had already issued by AD. Now amendment of the conditions as per the present proposal will result in different set of norms for cases having similar nature and that will invariably invite litigations on the ground of denial of natural justice from parties involved leaving the whole process of remittance of dues in disarray and making the matter more complicated. The fact that all the licensees except 37 in the

Thalassery Range have remitted the dues has a significant bearing on the case. The suggestion to earmark the remitted dues against the principal amount is a salutary one. But the suggestion to grant reduction on the principal amount does not seem to be prudent. Hence, AD, after evaluating the quantum of recovery effect4ed consequent to the issue of G.O(Rt) No.1024/18/lbr dated 23/08/2018 should explore the option of fixing uniform set of norms for settling all the remaining cases. AD is also requested to seek the remarks of Law Department before issuing the G.O."

7) The report regarding the recovery amount following one-time settlement and comments on recovery of principal amount and waiving of interest were sought on from the Board.

8) Owing to the peculiar political situation that prevailed during that period, Hon.Labour & Skills Minister sought the order of Hon.Chief Minister as to whether the matter of waiving off the entire dues towards principal amount and interest to the welfare fund as mentioned above may be placed before the cabinet, treating the same as a special case and on humanitarian consideration. The Hon.Chief Minister has ordered to place the matter before the Council of Ministers. Based on that, draft notes for the Council of Ministers were submitted. After examining the notes, the Chief Secretary sought the opinion of the Law Secretary on the issue. The Law Secretary has made the following comment:

"1990-2001 കാലഘട്ടത്തിൽ നിലവിലുണ്ടായിരുന്ന പ്രത്യേക രാഷ്ട്രീയ സാഹചര്യം മൂലം കള്ള് കച്ചവടം കുറവായിരുന്നതിനാലും ശേഖരിച്ച കള്ള് ഭാഗികമായോ പൂർണ്ണമായോ നശിപ്പിക്കേണ്ടി വന്നതിനാലും ഉണ്ടായ സാമ്പത്തിക പ്രതിസന്ധിയിൽ പ്രസ്തുത കാലയളവിൽ തലശ്ശേരി റേഞ്ച് ഷാപ്പ് ലൈസൻസികൾ

കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് ഒടുക്കേണ്ടുന്ന തുക ഒടുക്കാതെ വരികയും പിന്നീട് പല ഘട്ടങ്ങളിലായി ഒടുക്കിയ തുകയുടെ സിംഹഭാഗവും പലിശയിനത്തിലേയ്ക്ക് വരവ് വെച്ചതും മറ്റുമായ സാഹചര്യത്തിൽ ടി കാലഘട്ടത്തിൽ ഒടുക്കേണ്ടതായിരുന്ന അംശദായവും ആയതിന്റെ പലിശയും ചേർത്ത് നിലവിൽ കുടിശ്ശികയുള്ള മുഴുവൻ തുകയും ടി വിഷയത്തിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് പ്രത്യേക കേസായി കണക്കിലെടുത്ത്, മാനുഷിക പരിഗണന നൽകി പൂർണ്ണമായും ഒഴിവാക്കി നൽകുന്നത് സംബന്ധിച്ചുള്ള 1969-ലെ കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ 4 എ വകുപ്പ് താഴെപ്പറയും പ്രകാരമാണ്:

"4 എ (1) (4)-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സർക്കാരിന് ബോർഡിന്റെ ശിപാർശയിന്മേൽ, പൊതുതാൽപ്പര്യത്തിലേക്ക് അപ്രകാരം ചെയ്യേണ്ടത് ആവശ്യമാണെന്ന് അഭിപ്രായമുള്ളിടത്തു; അതിന് ഗസറ്റ് വിജ്ഞാപനം മുഖേന തൊഴിലുടമകളുടെ ഏതെങ്കിലും വിഭാഗത്തെ ആ വകുപ്പിൻ കീഴിലുള്ള അംശദായം നൽകുന്നതിൽ നിന്നും ആ വിജ്ഞാപനത്തിൽ പ്രത്യേകം പറഞ്ഞേക്കാവുന്ന കാലയളവിലേയ്ക്കു പിൽക്കാല പ്രാബല്യത്തോടു കൂടിയോ മുൻകാല പ്രാബല്യത്തോടു കൂടിയോ ഒഴിവാക്കാവുന്നതാണ്.

(2) ഒരു തൊഴിലാളി, തന്റെ തൊഴിലുടമ അംശദായം നൽകുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്ന കാലയളവിലേയ്ക്ക് 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ കീഴിലുള്ള തന്റെ അംശദായം നൽകുവാൻ ബാധ്യസ്ഥനായിരിക്കുന്നതല്ലെന്ന്, സംശയ നിവാരണത്തിലേക്കായി ഇതിനാൽ പ്രഖ്യാപിക്കുന്നു. "

ടി (1)-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ബോർഡിന്റെ ശിപാർശയിന്മേൽ, പൊതു താൽപര്യത്തിലേയ്ക്ക് അപ്രകാരം ചെയ്യേണ്ടത് ആവശ്യമാണെന്ന് അഭിപ്രായമുള്ളിടത്ത്, ഗസറ്റ് വിജ്ഞാപനം മുഖേന തൊഴിലുടമകളുടെ ഏതെങ്കിലും വിഭാഗത്തെ 4-ാം വകുപ്പ് പ്രകാരം ഒടുക്കേണ്ടുന്ന അംശദായം നൽകുന്നതിൽ നിന്നും, വിജ്ഞാപനത്തിൽ നിഷ്കർഷിക്കുന്നത്ര

കാലയളവിലേയ്ക്ക് പിൽക്കാല പ്രാബല്യത്തോട്ട കൂടിയോ മുൻകാല പ്രാബല്യത്തോട്ടകൂടിയോ ഒഴിവാക്കാവുന്നതാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു. ആയതിനാൽ 1990-2001 കാലഘട്ടത്തിൽ നിലവിലുണ്ടായിരുന്ന പ്രത്യേക രാഷ്ട്രീയ സാഹചര്യം മൂലം കള്ള് കച്ചവടം കുറവായിരുന്നതിനാലും ശേഖരിച്ച കള്ള് ഭാഗികമായോ പൂർണ്ണമായോ നശിപ്പിക്കേണ്ടി വന്നതിനാലും ഉണ്ടായ സാമ്പത്തിക പ്രതിസന്ധിയിൽ പ്രസ്തുത കാലയളവിൽ ഒടുക്കേണ്ടിയിരുന്ന അംശദായം അടയ്ക്കാതെ വരികയും പിന്നീട് പല ഘട്ടങ്ങളായി അടവാക്കിയ തുകയുടെ സിംഹഭാഗവും പലിശയിനത്തിലേയ്ക്ക് വരവ് വെച്ചതും ആയ പ്രത്യേക സാഹചര്യത്തിൽ പ്രസ്തുത കാലയളവിൽ തലശ്ശേരി റേഞ്ച് ഷാപ്പ് ലൈസൻസികൾ കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് ഒടുക്കേണ്ടുന്ന മുതലും ആയതിന്റെ പലിശയുമടക്കമുള്ള കുടിശ്ശികയായ മുഴുവൻ തുകയും പ്രത്യേക കേസായി കണക്കിലെടുത്ത്; മാനുഷിക പരിഗണന നൽകി പൂർണ്ണമായും ഒഴിവാക്കി നൽകുന്നത് സംബന്ധിച്ച് 1969-ലെ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ആക്റ്റ് 4 എ വകുപ്പ് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി സർക്കാരിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു".

9. On the basis of the remarks of Law Secretary, the Chief Secretary has directed as follows:

"നിയമ വകുപ്പ് സെക്രട്ടറിയുടെ ക.ഫ. 74-76 ഖണ്ഡികകളിലെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ 1969-ലെ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ 4 (എ) വകുപ്പിലെ ഒന്നാം ഉപവകുപ്പിലെ അധികാരം വിനിയോഗിച്ച് ക്ഷേമനിധി തുക അടയ്ക്കുന്നതിൽ നിന്നും തലശ്ശേരി റേഞ്ച് ഷാപ്പ് ലൈസൻസികളെ പിൽക്കാല പ്രാബല്യത്തിൽ ഒഴിവാക്കേണ്ടതുണ്ടെങ്കിൽ, ബഹു.വകുപ്പ് മന്ത്രി മുഖേന ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവ് നേടിയ ശേഷം ആവശ്യമായ ഭേദഗതികളോടെ കുറിപ്പുകൾ പുതുക്കി സമർപ്പിക്കേണ്ടതാണ്".

10) As per the above direction of the Law Secretary, the opinion of the Board, in this regard has been sought for and the same is yet to be received.

11) When file was circulated, the Hon.Chief Minister ordered to place the matter before the cabinet.

## Points for decision

Whether to waive the entire dues made by toddy shop licensees of Thalassery Range, towards principal amount and interest to the welfare fund for the period 1990-2001, subject to the approval of Board treating it as a special case on humanitarian consideration, in exercise of the powers conferred by sub section (1) of section (4) of the Kerala Toddy Workers' Welfare Fund Act, 1969 ?